# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2013 ഫെബ്രുവരി 8, വെള്ളിയാഴ്ച

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**റൂളിംഗ്**

**നിയമസഭാംഗങ്ങൾക്കുള്ള പെരുമാറ്റച്ചട്ടത്തിന്റെ ലംഘനം**

മി. സ്പീക്കർ : 7.2.2013 -ന് സഭ നടന്നുകൊണ്ടിരിക്കുമ്പോൾ ശ്രീമതിമാർ കെ.കെ. ലതിക, കെ.എസ്. സലീഖ, പി. അയിഷാ പോറ്റി, ജമീലാ പ്രകാശം എന്നീ പ്രതിപക്ഷാംഗങ്ങൾ ഡയസ്സിൽ കയറി മുദ്രാവാക്യം വിളിക്കുകയും സഭാനടപടികൾ അലങ്കോലപ്പെടുത്തുകയും ചെയ്തു. ഫെബ്രുവരി നാലാം തീയതിയും അഞ്ച് അംഗങ്ങൾ ഡയസ്സിൽ കയറി മുദ്രാവാക്യം വിളിച്ച സംഭവം ഉണ്ടാകുകയും അവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന ആവശ്യം ഉയർന്നു വരികയും ചെയ്തപ്പോൾ ചെയർ ഒരു മൃദു നിലപാട് സ്വീകരിക്കുകയും ശിക്ഷണ നടപടി ഒഴിവാക്കുകയും ചെയ്തു. പ്രതിഷേധിക്കാനുള്ള അവകാശം എല്ലാവർക്കുമുണ്ട്, അത് എത്രത്തോളം ആകാമെന്നത് അംഗങ്ങൾ സ്വയം തീരുമാനിക്കട്ടെയെന്ന നിലപാടാണ് അന്ന്

ചെയർ സ്വീകരിച്ചത്. എന്നാൽ ഈ നിലപാടിനെ ഒരു ബലഹീനതയായി കണക്കാക്കി നാല് വനിതാ സാമാജികർ ഡയസ്സിൽ കയറി ചെയറിന് ചുറ്റും വളഞ്ഞുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ അലങ്കോലപ്പെടുത്തിയത് ചെയർ എടുത്ത മാന്യമായ നിലപാടിനെ അവഹേളിക്കുന്ന താണ്. സഭാ സമ്മേളനം സുഗമമായി നടത്തുന്നതിന് സമ്മേളനം ആരംഭിക്കുന്നതിനുമുമ്പ് ചേർന്ന കക്ഷിനേതാക്കളുടെ യോഗത്തിൽ ചെയറിന് സഹകരണം വാഗ്ദാനം ചെയ്തിരുന്നു. ഇതുവരെ നൽകിയ സഹകരണത്തിന് നന്ദിയുമുണ്ട്. പക്ഷേ ഈ സമ്മേളനത്തിന്റെ തുടക്കംമുതൽ സഹകരണം ലഭിച്ചിരുന്നില്ല എന്ന് പറയേണ്ടി വന്നതിൽ ഖേദിക്കുന്നു. വാച്ച് ആന്റ് വാർഡിനെ ഒഴിവാക്കിയ സാഹചര്യം മുതലെടുത്താണ് നാല് വനിതാ സാമാജികർ ഡയസ്സിൽ വന്ന് മുദ്രാവാക്യം വിളിക്കുകയും സഭാനടപടികൾ അലങ്കോലപ്പെടുത്തുകയും ചെയ്തത്. ഈ അംഗങ്ങളുടെ പെരുമാറ്റം കേരള നിയമസഭാംഗങ്ങളുടെ പെരുമാറ്റച്ചട്ടത്തിന്റെ ലംഘനവും സഭയോടുള്ള കടുത്ത അനാദരവുമാണ്. അതിനാൽ പ്രസ്തുത പെരുമാറ്റച്ചട്ടത്തിന്റെ ചട്ടം 53 പ്രകാരം ശ്രീമതിമാർ കെ.കെ. ലതിക, കെ.എസ്. സലീഖ, പി. അയിഷാ പോറ്റി, ജമീലാ പ്രകാശം എന്നീ അംഗങ്ങളെ ചെയർ ശാസിക്കുന്നു. മേലിൽ ഇത്തരത്തിലുള്ള നടപടികൾ അംഗങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായാൽ കർശന നടപടി സ്വീകരിക്കുവാൻ നിർബന്ധിതമാകുമെന്ന കാര്യംകൂടി അംഗങ്ങളെ ഓർമ്മിപ്പിക്കുന്നു.

**അടിയന്തര പ്രമേയം**

**ജില്ലാ സഹകരണ ബാങ്ക് തെരഞ്ഞെടുപ്പിൽ അട്ടിമറി**

മി. സ്പീക്കർ : ഓർഡിനൻസ് വഴി പിരിച്ചുവിടപ്പെട്ട 14 ജില്ലാബാങ്ക് ഭരണസമിതികളിലേയ്ക്ക് ഫെബ്രുവരി 10, 11 തീയതികളിൽ നടക്കുന്ന തെരഞ്ഞെടുപ്പ് ഭരണസംവിധാനം ഉപയോഗിച്ച് അട്ടിമറിക്കാൻ നടത്തുന്ന ശ്രമങ്ങൾമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. ഇ.പി. ജയരാജൻ, വി.എസ്. സുനിൽകുമാർ, സി.കെ. നാണു, എ.എ. അസീസ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ) : ജില്ലാ സഹകരണ ബാങ്കുകളിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിന് നിയമാനുസൃതമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. സഹകരണ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് എല്ലാവർക്കും വോട്ടവകാശം നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഹൈക്കോടതിയിൽ ഇതിനെതിരെ നൽകിയ കേസ്സുകളിൽ ഈ ഭേദഗതി അംഗീകരിക്കുകയുണ്ടായി. 11.12.2007 -ൽ നിലവിലുണ്ടായിരുന്ന എല്ലാ അംഗങ്ങൾക്കും വോട്ടവകാശം ലഭിച്ചിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കിൽ തെരഞ്ഞെടുപ്പ് നടത്തുന്നത് തെരഞ്ഞെടുപ്പ് കമ്മീഷനാണ്. വോട്ടർ പട്ടിക പ്രസിദ്ധപ്പെടുത്തിയതിനുശേഷം ആർക്കും അംഗത്വം നൽകിയിട്ടില്ല. സഹകരണ നിയമത്തിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. തെരഞ്ഞെടുപ്പ് സംബന്ധിച്ച തർക്കങ്ങൾക്ക്

സഹകരണ ആർബിട്രേഷൻ കോടതി മുഖാന്തിരം അന്യായം ഫയൽചെയ്ത് പരിഹാരം കാണണം.

ശ്രീ. ഇ. പി. ജയരാജൻ : പതിനാല് ജില്ലാ സഹകരണ ബാങ്ക് ഭരണസമിതികളിലേയ്ക്ക് ഫെബ്രുവരി 10, 11 തീയതികളിൽ നടക്കുന്ന തെരഞ്ഞെടുപ്പുകൾ സഹകരണ വകുപ്പിനേയും പോലീസിനെയും ദുരുപയോഗപ്പെടുത്തി അട്ടിമറിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. 97-ാം ഭരണഘടനാ ഭേദഗതിക്ക് വ്യത്യസ്തമായിട്ടുള്ള ഏതെങ്കിലും പ്രശ്നം സംസ്ഥാനങ്ങളിലുണ്ടെങ്കിൽ അത് ഭേദഗതി ചെയ്യേണ്ടതാണ്. അതനുസരിച്ച് ആർട്ടിക്കിൾ 243 പ്രകാരം ഒരു ഭരണസമിതിയുടെ കാലാവധി 5 വർഷമാണ്. ആ നിയമം പാസ്സാക്കിയതിനു ശേഷം കേരള ഗവൺമെന്റ് സഹകരണ രംഗത്ത് ഓർഡിനൻസ് കൊണ്ടുവരികയും കഴിഞ്ഞ ജൂലായ് മാസത്തിൽ അത് നിയമമാക്കുകയുമുണ്ടായി. സഹകരണരംഗത്ത് യു.ഡി.എഫ്. ആധിപത്യം സ്ഥാപിക്കാൻ എല്ലാ ഭരണസമിതികളും പിരിച്ചുവിട്ടുകൊണ്ട് സഖ്യകക്ഷികൾക്ക് വിഹിതം വയ്ക്കുകയും തെരഞ്ഞെടുപ്പിൽ വിജയിക്കാൻ ഉദ്യോഗസ്ഥന്മാരെ ആദ്യം റിക്രൂട്ട്മെന്റ് നടത്തി ജോയിന്റ് രജിസ്ട്രാർ ഓഫീസ് രൂപപ്പെടുത്തുകയും ചെയ്തു. ഈ ഗവൺമെന്റ് സഹകരണ തെരഞ്ഞെടുപ്പിൽ വോട്ടർ പട്ടിക തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് തെറ്റായ നടപടികളാണ് സ്വീകരിച്ചത്. 15 വർഷങ്ങൾക്കുമുമ്പ് സഹകരണ ചട്ടം 70 അനുസരിച്ച് എല്ലാ ജംഗമ സ്വത്തുക്കളും സഹകരണ ഡിപ്പാർട്ട്മെന്റ് ഏറ്റുവാങ്ങി ലിക്വിഡേറ്റ് ചെയ്യപ്പെട്ട മുന്നൂറ്റിഅമ്പതോളം സംഘങ്ങളേയും ഇതിനുപുറമേ ഇരുന്നൂറ്റി മൂന്നോളം സംഘങ്ങളെ അനധികൃതമായും കണ്ണൂർ ജില്ലാ സഹകരണ ബാങ്കിലെ വോട്ടർ പട്ടികയിൽ കൂട്ടിച്ചേർത്തിട്ടുണ്ട്. പത്താം തീയതി തെരഞ്ഞെടുപ്പ്

നടക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ആറാം തീയതിവരേയും വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല. തൃശ്ശൂർ, തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിലും ഇതേ സ്ഥിതിവിശേഷമാണുള്ളത്. ലിക്വിഡേറ്റ് ചെയ്യപ്പെട്ടതും നാട്ടിൽ പ്രവർത്തിക്കാത്തതും ഇതുവരെ ആരും കേട്ടിട്ടില്ലാത്തതുമായ സംഘങ്ങളെ ഉൾപ്പെടുത്തി വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു. ഇടതുപക്ഷ മുന്നണിയുടെ സ്ഥാനാർത്ഥികൾക്ക് വോട്ടർപട്ടിക കൊടുക്കുന്നില്ല. വോട്ടർ പട്ടികയിൽ സ്ഥാനാർത്ഥികളുടെ സംഘത്തിന്റെ പേരു മാത്രം പോരാ, അതിൽ വോട്ടു ചെയ്യുന്ന ആളുകളുടെ പേരുകൂടി എഴുതിക്കൊടുക്കണമെന്ന് കോടതി നിഷ്ക്കർഷിച്ചുവെങ്കിലും പാലിക്കപ്പെട്ടിട്ടില്ല. അനധികൃതമായി പേരുചേർക്കപ്പെട്ട സംഘങ്ങളെ ഒഴിവാക്കി വോട്ടർ പട്ടിക പുന:പ്രസിദ്ധീകരിക്കുകയും കോപ്പി ഇടതുപക്ഷാംഗങ്ങൾക്കും ലഭ്യമാക്കുകയും വേണം. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണനിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): നീതിപൂർവ്വവും ജനാധിപത്യപരവും ഇലക്ഷൻ കമ്മീഷണർ നടത്തുന്നതുമായ ഒരു തെരഞ്ഞെടുപ്പാണിത്. ഗവൺമെന്റോ സഹകരണ ഡിപ്പാർട്ടുമെന്റോ അതിൽ ഇടപെടുന്നില്ല. വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർക്കുന്നത് ഇലക്ടറൽ ഓഫീസറാണ്. അത് പരിശോധിച്ച് പ്രസിദ്ധപ്പെടുത്തുന്ന സമയത്ത് ഒബ്ജക്ഷൻ കൊടുക്കുവാനുള്ള അധികാരമുണ്ട്. തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു കഴിഞ്ഞാൽപ്പിന്നെ എല്ലാ കാര്യങ്ങളും തെരഞ്ഞെടുപ്പ് ഓഫീസറുടെ ചുമതലയിലാണ്. 2007-ലെ ലിസ്റ്റ് അനുസരിച്ചാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. നിയമത്തിനു വിധേയമായി നിശ്ചയിക്കപ്പെട്ട തീയതികളിൽ തെരഞ്ഞെടുപ്പ്

നടക്കും. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): 2007-ൽ ജില്ലാ ബാങ്കിലെ മെമ്പർഷിപ്പ് കാർഷിക സംഘങ്ങൾക്കും അർബൻ ബാങ്കുകൾക്കും മാത്രമായി ചുരുക്കിക്കൊണ്ട് ഇടതുപക്ഷ ഗവൺമെന്റ് ഓർഡിനൻസ് കൊണ്ടുവന്നു. ആയിരത്തിലധികം സംഘങ്ങളുള്ള ജില്ലകളിൽ കേവലം 200 സംഘങ്ങൾക്കു മാത്രമായി അംഗത്വം ചുരുക്കി. ഓരോ ജില്ലയിലേയും സഹകരണ സംഘങ്ങളുടെ അപ്പെക്സ് സംഘമായാണ് ജില്ലാ ബാങ്കുകളെ കണക്കാക്കുന്നത്. ഒരു ജില്ലയിലെ സഹകരണസംഘങ്ങളുടെ അപ്പെക്സ് സംഘം എന്ന നിലയിലുള്ള സ്റ്റാറ്റസ് ജില്ലാ സഹകരണ ബാങ്കിനുണ്ടാകണമെന്നതു തന്നെയാണ് സർക്കാരിന്റെ നിലപാട്. ഇക്കാര്യത്തിൽ ജനാധിപത്യ വിരുദ്ധമായ ഒരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല. കൂടുതൽ പേർക്ക് മെമ്പർഷിപ്പ് നൽകിക്കൊണ്ട് സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനും ജനാധിപത്യവൽക്കരിക്കുന്നതിനുമുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു ടി. തോമസ്, എ.എ. അസീസ് എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പ സമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ശ്രദ്ധക്ഷണിക്കൽ**

**(1) <u>നാളികേര കൃഷി</u>**

<u>ശ്രീ. സി. മോയിൻകുട്ടി:</u> നാളികേര കർഷകർ ഇന്ന് വളരെ പ്രതിസന്ധി നേരിടുകയാണ്. തെങ്ങുകയറ്റുകൂലിയുടേയും വളത്തിന്റേയും വിലവർദ്ധനവുമായി തട്ടിച്ചുനോക്കുമ്പോൾ നിസാരമായ വിലക്കയറ്റം മാത്രമാണ് നാളികേരത്തിനുണ്ടായിട്ടുള്ളത്. സംഭരണ കേന്ദ്രങ്ങൾ ആഴ്ചയിൽ എല്ലാ ദിവസവും പ്രവർത്തിക്കുന്ന സാഹചര്യമുണ്ടാകണം. നാളികേരത്തിന്റെ വിലയിടിവും ഉൽപാദനത്തിൽ വന്നിട്ടുള്ള കുറവും വളത്തിന്റെ വില വർദ്ധനവും തൊഴിലാളികളെ ലഭിക്കാത്ത സാഹചര്യവും വ്യാപകമായി ഉണ്ടാകുന്ന രോഗങ്ങളും കാരണം തെങ്ങ് കൃഷി തകർച്ചയിലാണ്. കയറ്റുമതി രംഗത്ത് സ്തംഭനാവസ്ഥ നിലനിൽക്കുകയാണ്. വൈവിധ്യവൽക്കരണവും യന്ത്രവൽക്കരണവും ഫലവത്താകുന്നില്ല. തെറ്റായ പരസ്യങ്ങളും പ്രചരണങ്ങളും നാളികേരത്തിന്റേയും വെളിച്ചെണ്ണയുടേയും വിപണനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. നാളികേരത്തിന്റെ ഉൽപാദനച്ചെലവിന് ആനുപാതികമായി തറവില പുനർനിർണ്ണയം ചെയ്യുകയും സംഭരണ വില 26 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്യണം. കേര കർഷകരുടെ ക്ഷേമവും കൃഷി സംരക്ഷണവും മുൻനിർത്തി നാളികേര കമ്മീഷൻ രൂപീകരിക്കണം. വെളിച്ചെണ്ണയ്ക്ക് സബ്സിഡി നൽകി റേഷൻ കടകളിലൂടെ വിതരണം ചെയ്യണം. കാർഷിക ഗവേഷണകേന്ദ്രം കർഷകർക്ക് ഗുണകരമായ രീതിയിൽ പ്രവർത്തനക്ഷമമാക്കണം. കൂടുതൽ ക്ലസ്റ്ററുകൾ സ്ഥാപിച്ചുകൊണ്ട് നാളികേര അനുബന്ധ ഉൽപന്നങ്ങളുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സംസ്ഥാനത്ത് തെങ്ങുകൃഷിയുടെ വിസ്തൃതി കുറഞ്ഞുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നാണ്യവിളകൾക്ക് നൽകുന്ന അമിത പ്രാധാന്യവും നാളികേരത്തിനുണ്ടായ വിലയിടിവും രോഗങ്ങളുമാണ് ഈ കൃഷിയിൽനിന്നും പിൻതിരിയാൻ കർഷകരെ പ്രേരിപ്പിച്ചിട്ടുള്ളത്. ശാസ്ത്രീയ പരിചരണ മുറകൾ അനുവർത്തിക്കുക, രോഗം ബാധിച്ച തെങ്ങുകൾ മുറിച്ച് മാറ്റി പകരം ഗുണമേന്മയുള്ള തൈകൾ നടുക എന്നിവയുൾപ്പടെയുള്ള പദ്ധതികൾ കോക്കനട്ട് ഡെവലപ്മെന്റ് ബോർഡും കൃഷിവകുപ്പും സംയോജിച്ച് നടപ്പിലാക്കിവരുന്നു. തെങ്ങുകൃഷി പുനരുദ്ധാരണം കൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം ഗുണമേന്മയുള്ള തെങ്ങിൻതൈ കൃഷി വകുപ്പിന്റേയും കാർഷിക സർവ്വകാലാശാലയുടേയും ഫാമുകളിലൂടെ ഉൽപാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് 45 കോടി രൂപയുടെ പദ്ധതികളും കേന്ദ്രഗവൺമെന്റ് സ്ഥാപനമായ 'നാളികേര വികസന ബോർഡ്' നാളികേര ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു. നാളികേര സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനും നിലവിലുള്ള യൂണിറ്റുകൾ വികസിപ്പിക്കുന്നതിനും ആധുനീകരണത്തിനും മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനും 'ടെക്നോളജി മിഷൻ' എന്ന പദ്ധതി നാളികേര വികസനബോർഡ് വഴി നടപ്പിലാക്കിവരുന്നു. മൂന്ന് കോക്കനട്ട് ബയോപാർക്കുകൾ സ്ഥാപിക്കുന്നതിന് പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്രസർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരമുള്ള കൊപ്ര സംഭരണം നാഫെഡ്, കേരഫെഡ്, മാർക്കറ്റ്ഫെഡ് എന്നിവ മുഖേന

നടപ്പിലാക്കിവരുന്നു. കൊപ്രയുടെ താങ്ങുവില ഇപ്പോൾ പ്രഖ്യാപിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൃഷിഭവൻ വഴി നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്ന നടപടികൾ ആരംഭിച്ചിട്ടുള്ളതുകൊണ്ട് മാർക്കറ്റിൽ വില വർദ്ധിച്ചിട്ടുണ്ട്. പഞ്ചായത്തടിസ്ഥാനത്തിൽ കൂടുതൽ ക്ലസ്റ്ററുകൾ ആരംഭിച്ചുകൊണ്ട് നാളികേര കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

## (2) <u>മതപരിവർത്തിതർക്ക് ആനുകൂല്യം</u>

<u>ശ്രീമതി ജമീലാ പ്രകാശം:</u> വിവിധ പട്ടികജാതികളിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള ദളിത് ക്രൈസ്തവരെ വീണ്ടും പട്ടികജാതിപട്ടികയിൽ ഉൾപ്പെടുത്തുന്നതിനും മത പരിഗണന കൂടാതെ സംവരണം നൽകുന്നതിനും ഇവരുടെ നേർക്കുള്ള അതിക്രമം തടയുന്നതിന് നിയമപരിരക്ഷ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം. മതപരിവർത്തനത്തിന് വിധേയരായ എല്ലാ പട്ടികജാതിക്കാർക്കും പട്ടികജാതി പദവി നൽകണമെന്ന മതന്യൂനപക്ഷ കമ്മീഷന്റെ ശുപാർശ നടപ്പിലാക്കണം. ദളിത് ക്രൈസ്തവർക്കും പട്ടികജാതി പദവി നൽകണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റിൽ ഉന്നയിക്കണം. ദളിത് ക്രൈസ്തവ കോർപ്പറേഷന്റെ പ്രവർത്തനം ഫലപ്രദമാക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. എ.പി. അനിൽകുമാർ)</u>:. പരിവർത്തിത ക്രൈസ്തവരെ മറ്റ് പിന്നോക്കവിഭാഗ ലിസ്റ്റിൽ 52-ാമതായി ഉൾപ്പെടുത്തി ഒ.ബി.സി. വിഭാഗക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം സംസ്ഥാനത്തിന്റെ other eligible community (ഒ.ഇ.സി.) ലിസ്റ്റിലുൾപ്പെ

ടുത്തി പട്ടികജാതിക്കാർക്ക് ലഭിക്കുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും നിയമന കാര്യത്തിൽ ഒ.ബി.സി. വിഭാഗക്കാർക്കുള്ള ആനുകൂല്യങ്ങളും ഉദ്യോഗസംവരണവുമായി ബന്ധപ്പെട്ട് ക്ലാസ് -IV തസ്തികയിൽ രണ്ടും മറ്റ് തസ്തികകളിൽ ഒന്നും വീതം സംവരണവും നൽകിവരുന്നുണ്ട്. പട്ടിക ജാതിയിൽനിന്നും ക്രിസ്തുമതം സ്വീകരിച്ചവരുടേയും മറ്റു ശുപാർശിത വിഭാഗങ്ങളുടേയും ഉന്നമനം ലക്ഷ്യമാക്കി കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വികസന കോർപ്പറേഷൻ പ്രവർത്തിക്കുന്നുണ്ട്. മറ്റ് പിന്നോക്ക മത ന്യൂനപക്ഷ വിഭാഗങ്ങൾക്കുവേണ്ടി നടപ്പിലാക്കുന്ന പദ്ധതി പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും ലഭിക്കുവാൻ പരിവർത്തിത ക്രൈസ്തവരും അർഹരാണ്. നിലവിൽ ഒരു ജാതിക്കോ സമൂഹത്തിനോ പട്ടികജാതി ആനുകൂല്യങ്ങൾ ലഭ്യമാകണമെങ്കിൽ സംസ്ഥാനത്തിന്റെ പട്ടിക ജാതി ലിസ്റ്റിൽ ഉൾപ്പെടുത്തി വിജ്ഞാപനം ചെയ്യണമെന്നതിനാൽ സമഗ്ര മായൊരു പഠനത്തിലൂടെ യോഗ്യതയുണ്ടെന്ന് തെളിയുന്ന പക്ഷം അക്കാര്യ ത്തിൽ എടുക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ ലിസ്റ്റിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ.

**സബ്മിഷൻസ്**

(1) <u>ചീഫ് വിപ്പിന്റെ പ്രസ്താവന സംബന്ധിച്ച്</u>

(ഈ വിഷയം സംബന്ധിച്ച് സർവ്വശ്രീ വി.എസ്. സുനിൽകുമാർ, കെ. സുരേഷ് കുറുപ്പ് എന്നീ അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്. )

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>): നിയമസഭാ മന്ദിര ത്തിലെ മീഡിയാ റൂമിൽ നടന്ന പത്രസമ്മേളനത്തിൽ ചീഫ് വിപ്പ്, നയപ്ര ഖ്യാപന പ്രസംഗത്തിന്റെ ചർച്ചാവേളയിൽ പറയാനുണ്ടായിരുന്ന പല

കാര്യങ്ങളും തനിക്ക് പറയാൻ കഴിഞ്ഞില്ലെന്ന് പറഞ്ഞ് പ്രതിപക്ഷത്തെ ആക്ഷേപിച്ചും സൂര്യനെല്ലി സംഭവത്തെ പരാമർശിച്ച് ശ്രീ. പി. ജെ. കുര്യനെ ന്യായീകരിച്ചും ഇരയായ പെൺകുട്ടിയെ അവഹേളിച്ചും പറയുകയുണ്ടായി. ഒരു നിയമസഭാ സമ്മേളന കാലത്ത് ഈ സഭയിലെ സീനിയർ അംഗവും മുൻ മന്ത്രിയുമായ ശ്രീ. എ. കെ.ബാലനെ ജാതീയമായി അധിക്ഷേപിച്ചിട്ടുണ്ട്. ദളിതരെ ആക്ഷേപിച്ചുകൊണ്ടുള്ള പ്രസ്താവനകളും നടത്തിയിട്ടുണ്ട്. ചീഫ് വിപ്പ് എല്ലാ സാമൂഹിക മര്യാദകളും ലംഘിച്ച് ഇത്തരത്തിൽ അധിക്ഷേപങ്ങൾ ചൊരിയുന്നത് സഭയുടെ അന്തസ്സ് കെടുത്തുമെന്നതിനാൽ അദ്ദേഹം ഈ സഭയോട് മാപ്പു പറയുകയോ, അദ്ദേഹത്തിനെതിരെ നിയമാനുസൃതമായ നടപടി സ്വീകരിക്കുകയോ ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പ്രതിപക്ഷത്തെ അധിക്ഷേപിക്കുന്ന പദപ്രയോഗം നടത്തിയിട്ടുണ്ടെങ്കിൽ അത് തെറ്റാണെന്ന അഭിപ്രായമാണുള്ളത്. പൊതുപ്രവർത്തകർ പരസ്പരം മാനിക്കുകയും സംസാരത്തിൽ മിതത്വം പാലിക്കുകയും ചെയ്യേണ്ടവരാണ്.

**വ്യക്തിപരമായ വിശദീകരണം**

ചീഫ് വിപ്പ് (ശ്രീ. പി.സി. ജോർജ്) : പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ നിയമസഭാ മീഡിയാ റൂമിലെ പത്രസമ്മേളനത്തിൽ പറഞ്ഞിട്ടില്ല. ബേബി തോമസ് എന്ന ദളിതന് സാഹിത്യ അക്കാദമി അംഗത്വം ലഭിച്ചതിലുള്ള സ്വീകരണയോഗത്തിന്റെ ഉദ്ഘാടന യോഗത്തിലാണ് സംസാരിച്ചത്. ആ യോഗത്തിൽ പങ്കെടുത്ത ആളുകളിൽ 70 ശതമാനവും ദളിത് വിഭാഗത്തിൽപ്പെട്ടവരായിരുന്നു. അവിടെ സംസാരിച്ചപ്പോൾ പാവപ്പെട്ട ദളിത് വിഭാഗത്തിന് സംവരണം മാത്രം കൊടുത്താൽ പോര, അവരെ ഈ രാജ്യത്തിന്റെ

ദേശീയധാരയിലേയ്ക്കെത്തിക്കാൻ അധികാരത്തിൽ പങ്കാളിത്തം കൊടുക്കണമെന്നാണ് പറഞ്ഞത്. സംസാരഭാഷയ്ക്കിടയിൽ ഗ്രാമീണനായ എന്നിൽനിന്ന് അങ്ങനെയൊരു പരാമർശം വന്നുപോയതാണ്. അതിൽ നിരുപാധികം ഖേദം പ്രകടിപ്പിക്കുന്നു. ആരെയെങ്കിലും അപമാനിക്കണമെന്നോ മോശക്കാരാക്കണമെന്നോ ചിന്തിച്ചിട്ടില്ല.

(പ്രതിപക്ഷത്തെ അധിക്ഷേപിച്ച ചീഫ് വിപ്പ് ശ്രീ. പി.സി. ജോർജ് മാപ്പ് പറയണമെന്നും അദ്ദേഹത്തിനെതിരെ നടപടി സ്വീകരിക്കണമെന്നുമാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ഡയസിനു മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചതിനെത്തുടർന്ന് രാവിലെ 11.00 മണിക്ക് സഭ നിർത്തിവയ്ക്കുകയും 11.50 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും സമ്മേളിക്കുകയും ചെയ്തു..)

മി. സ്പീക്കർ: പ്രതിപക്ഷനേതാവ് ഉന്നയിച്ച വിഷയത്തിന് ഗവൺമെന്റ് ചീഫ് വിപ്പ് മറുപടി പറയുകയും അദ്ദേഹം നിരുപാധികം ഖേദം പ്രകടിപ്പിക്കുകയുമുണ്ടായി. കൂടാതെ അദ്ദേഹം നിയമസഭയ്ക്ക് പുറത്ത് പങ്കെടുത്ത ഒരു മീറ്റിംഗിൽ നടത്തിയ പരാമർശം സംബന്ധിച്ച സി.ഡി. ചെയർ പരിശോധിക്കുന്നതുമാണ്.

**സബ്മിഷൻ (......തുടർച്ച)**

**(2) അപമര്യാദയായ പെരുമാറ്റം**

ശ്രീ. കെ. കെ. ജയചന്ദ്രൻ: എക്സ്റേ എടുക്കാൻ ചെന്ന വീട്ടമ്മയോട് അപമര്യാദയായി പെരുമാറിയത് സംബന്ധിച്ച് നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ വിചാരണയിലിരിക്കുന്ന കേസ് പിൻവലിക്കാൻ ആഭ്യന്തര വകുപ്പ്

നിർദ്ദേശം നൽകിയ നടപടി പുന:പരിശോധിക്കാനും പരാതിക്കാരിക്ക് നീതി ലഭ്യമാക്കാനും നടപടിയുണ്ടാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : ഇതുസംബന്ധിച്ച് ജില്ലാ കളക്ടർക്ക് കത്ത് അയച്ചിട്ടുണ്ട്. മേൽ നടപടികളെക്കുറിച്ച് ആലോചിക്കുന്നതാണ്.

### (3) വിദ്യാലയങ്ങൾ പ്രവൃത്തി ദിനമാക്കൽ

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : വിദ്യാലയങ്ങളിൽ ജനുവരി 26, ആഗസ്റ്റ് 15 എന്നിവ പ്രവൃത്തി ദിവസങ്ങളാക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): വിദ്യാലയങ്ങളിൽ ദേശീയ അവധി ദിനങ്ങൾ പ്രവൃത്തി ദിനങ്ങളാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രത്തിന്റെ സ്മരണ ഉണർത്തുവാനും രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും ദേശീയ ബോധവും വിദ്യാർത്ഥികളിൽ നിലനിറുത്തുവാനും അധ്യാപകരും വിദ്യാർത്ഥികളും ജനുവരി 26, ആഗസ്റ്റ് 15 എന്നീ ദിവസങ്ങളിൽ വിദ്യാലയങ്ങളിൽ എത്തിച്ചേരേണ്ടത് ആവശ്യമാണ്. ഈ ആഘോഷ ദിനങ്ങൾ കൂടുതൽ ജീവസ്സുറ്റതാക്കാൻ വേണ്ട നിർദ്ദേശങ്ങൾ എല്ലാ വിദ്യാഭ്യാസ സ്ഥാപന മേധാവികൾക്കും നൽകുന്നതാണ്.

### (4) ക്ഷേമനിധി പെൻഷൻ

ശ്രീ. പി. ഉബൈദുള്ള: മദ്രസ അദ്ധ്യാപക ക്ഷേമനിധി അംഗങ്ങളെക്കൂടി സമഗ്ര ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താനും ഭവന

നിർമ്മാണ ധനസഹായം നൽകാനും അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്, പെൺമക്കൾക്ക് വിവാഹ ധനസഹായം എന്നിവ ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : മദ്രസ ക്ഷേമനിധി പദ്ധതിയിൽ തുടർച്ചയായി അഞ്ച് വർഷമെങ്കിലും അംശദായം മുടക്കം കൂടാതെ അടച്ച് അംഗത്വം നിലനിറുത്തുന്നവർക്ക് പ്രതി മാസം 500 രൂപയും സേവനദൈർഘ്യമനുസരിച്ച് പ്രതിമാസം 4981 രൂപ വരെയും പെൻഷൻ നൽകുന്ന രീതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. സമഗ്ര ആരോഗ്യ ഇൻഷുറൻസ്, വിദ്യാഭ്യാസ ആനുകൂല്യം, ഭവന പദ്ധതി, പെൺമക്കളുടെ വിവാഹ ആനുകൂല്യം എന്നിവ കൂടി ഉൾപ്പെടുത്തി സ്കീം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നതോടൊപ്പം സർക്കാരിന്റെ മറ്റ് ഭവന നിർമ്മാണ ആനുകൂല്യം ലഭിച്ചിട്ടില്ലാത്ത മദ്രസ അദ്ധ്യാപകർക്ക് വീട് ഒന്നിന് രണ്ട് ലക്ഷം രൂപ വരെ ധനസഹായം നൽകാനുമുള്ള പദ്ധതി പരിഗണിച്ചു വരുന്നു.

## (4) കുടിവെള്ളം നിഷേധിക്കൽ

ശ്രീ. പുരുഷൻ കടലുണ്ടി : കുടിവെള്ള പദ്ധതികൾ ആരംഭിക്കണ മെങ്കിൽ പത്ത് ശതമാനം ഗുണഭോക്തൃ വിഹിതം അടയ്ക്കണമെന്ന നിബന്ധന ഒഴിവാക്കി പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളെ സഹായിക്കാൻ ഗവൺമെന്റ് തയ്യാറാകണം. .

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : കേരള വാട്ടർ അതോറിറ്റി പരിപാലിച്ചിരുന്ന ചില ഏകഗ്രാമ കുടിവെള്ള പദ്ധതികളും തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുകയും പരി

പാലിക്കുകയും ചെയ്തിരുന്ന സ്കീമുകളും തുടർനടത്തിപ്പിനായി ഗുണഭോക്തൃ ഗ്രൂപ്പിനെ ഏൽപ്പിക്കണമെന്നും പദ്ധതികൾ കൈമാറിയതിനു ശേഷമുള്ള നടത്തിപ്പ് ഗുണഭോക്തൃ സമിതികൾ വഹിക്കണമെന്നും തുക തികയാതെ വരികയാണെങ്കിൽ മാത്രം ബാക്കി തുക തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്നും വ്യവസ്ഥ ചെയ്തതിൻപ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ അടയ്ക്കേണ്ട വെള്ളക്കരത്തിന്റെ 25 ശതമാനം ഗുണഭോക്തൃ വിഹിതം കഴിച്ച് 75 ശതമാനം തുക അടയ്ക്കാൻ കഴിയാത്തവർക്ക് പഞ്ചായത്തിന്റെ ഫണ്ടിൽനിന്ന് നൽകുന്നതിനായി അനുമതി ആവശ്യമുള്ള പഞ്ചായത്തുകൾ സർക്കാരിനെ സമീപിക്കുകയാണെങ്കിൽ പ്രത്യേക അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

**(6) <u>കൂടൽമാണിക്യം ക്ഷേത്രത്തിന് ഭൂമി പതിച്ച് നൽകൽ</u>**

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിന് അവകാശപ്പെട്ട സ്ഥലം പതിച്ചുനൽകാൻ അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്):</u> ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസുകൾ പിൻവലിക്കുന്ന മുറയ്ക്ക് ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിന് ഭൂമി പതിച്ചുക്കൊടുക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

**(7) <u>ഓരുവെള്ള ഭീഷണി</u>**

<u>ശ്രീ. കെ. അജിത്</u>: മൂവാറ്റുപുഴയാറിലെ ഓരുവെള്ള ഭീഷണി നേരിടുന്നതിനും താൽക്കാലിക ഓരുമുട്ടുകൾ സ്ഥാപിക്കാനും ദീർഘകാലത്തേയ്ക്ക് ഷട്ടറുകൾ സ്ഥാപിച്ച് ജലം സംരക്ഷിക്കാനും കൃഷിക്കാർക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം..

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): മുവാറ്റുപ്പുഴയാറിന്റെ വിവിധ കൈവഴികളിൽ ഓരുമുട്ടുകൾ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട ജന പ്രതിനിധികളുമായി ചർച്ചകൾ നടത്തുകയും വെട്ടിക്കാട്ടുമുക്കിൽ താൽക്കാലിക ബണ്ട് നിർമ്മിക്കുന്നതിനുള്ള ടെണ്ടർ ക്ഷണിക്കുകയും ആവശ്യമുള്ള മറ്റ് സ്ഥലങ്ങളിൽ താൽക്കാലിക ബണ്ട് സ്ഥാപിക്കാനുള്ള നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## (8) പൊതുമരാമത്ത് പ്രവൃത്തികൾ

ശ്രീ. സി. കെ. നാണു: വടകര നിയോജകമണ്ഡലത്തിലെ വിവിധ പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്തുതീർക്കാനും എം.എൽ.എ.ഫണ്ട്., ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി പ്രവൃത്തികൾ ത്വരിതപ്പെടുത്താനുമാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): പൊതുമരാമത്ത് പ്രവൃത്തികളിൽ തടസ്സം നേരിടുന്നുണ്ടെങ്കിൽ ആയത് പരിഹരിക്കാൻ പ്രത്യേക അവലോകന യോഗം വിളിച്ചുകൂട്ടാവുന്നതാണ്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ജോലികൾ ധനകാര്യ വകുപ്പിന്റേയും ചീഫ് ടെക്നിക്കൽ എക്സാമിനറുടേയും പരിശോധനയ്ക്ക് വിധേയമായി മാത്രമേ നടത്താൻ സാധിക്കുകയുള്ളൂ.

## (9) നെൽവയൽ നീർത്തട സംരക്ഷണം

ശ്രീ. റ്റി. എൻ. പ്രതാപൻ : സംസ്ഥാനത്ത് നെല്ലുൽപ്പാദനം കുറയുകയും നെൽവയലുകളുടേയും തണ്ണീർത്തടങ്ങളുടേയും പരിവർത്തനം വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നെൽകൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനായി കൂട്ടുകൃഷി സംവിധാനത്തിനും പാടശേഖര സമിതികൾ

നടത്തുന്ന നെൽക്കൃഷിക്കും കൂടുതൽ സബ്സിഡിയും സഹായവും നൽകുകയും ഇക്കാര്യത്തിൽ അടിയന്തിരമായി ഇടപെടുകയും ചെയ്യണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): കൂട്ടുകൃഷിക്ക് 27 കോടി രൂപ ബഡ്ജറ്റിൽ വക യിരുത്തിയിട്ടുമുണ്ട്. നെൽവയൽ മറ്റാവശ്യങ്ങൾക്കുവേണ്ടി മാറ്റപ്പെടുന്നത് തടയുന്നതിനായി ഇന്ന് പ്രാബല്യത്തിലുള്ള ലാന്റ് യൂട്ടിലൈസേഷൻ ആക്ട് അനുസരിച്ച് മൂന്ന് വർഷമോ അതിൽ കൂടുതലോ നെൽപ്പാടങ്ങൾ കൃഷി ചെയ്യാതെയിട്ടുവെന്ന് ജില്ലാ കളക്ടർക്ക് ബോധ്യപ്പെട്ടാൽ പ്രസ്തുത സ്ഥലം സമിതികളേയോ വ്യക്തികളേയോ ചുമതലപ്പെടുത്തി നെൽകൃഷി ചെയ്യിക്കു ന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള നിയമമനുസരിച്ച് നെൽവയലുകൾ അനധികൃതമായി പരിവർത്തനപ്പെടുത്തിയാൽ റവന്യു വകുപ്പ് അതിന്മേൽ നടപടികൾ സ്വീകരിക്കുന്നതുമാണ്.

### (10) റീട്ടെയിൽ ഔട്ട്ലെറ്റ് മാറ്റേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിന് സമീപത്തുള്ള പടുവളം ബിവറേജസ് കോർപ്പറേഷന്റെ റീട്ടെയിൽ ഔട്ട്ലെറ്റ് മാറ്റാൻ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കോടതിയുടെ നിർദ്ദേശമനുസരിച്ച് 31-12-2012-ൽ റീട്ടെയിൽ ഔട്ട്ലെറ്റ് സ്ഥിതി ചെയ്തിരുന്ന സ്ഥലത്തുനിന്ന് 20 മീറ്റർ ദൂരത്തേയ്ക്ക് മാറ്റി 63 ലക്ഷം രൂപ കിസ്ത് അടച്ചാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. അനു യോജ്യമായ സ്ഥലം ലഭിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ

അനുമതി ലഭ്യമാകുകയും ചെയ്താൽ റീട്ടെയിൽ ഔട്ട്ലെറ്റ് മാറ്റി സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(11) മാതൃകാ മത്സ്യഗ്രാമം

ശ്രീ. റ്റി. വി. രാജേഷ് : കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയെ മാതൃകാ മത്സ്യ ഗ്രാമമാക്കി പ്രഖ്യാപിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 11 തദ്ദേശഭരണസ്ഥാപനങ്ങളിലെ 32 മത്സ്യഗ്രാമങ്ങളെ മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയതിൽ കണ്ണൂർ ജില്ലയിലെ അഴീക്കലും ഉൾപ്പെട്ടിട്ടുണ്ട്. 25 മത്സ്യഗ്രാമങ്ങളുടെ സമഗ്ര വികസനത്തിനായി ഓരോ ഗ്രാമത്തിനും 2 കോടി രൂപ ചെലവിടുന്ന സമഗ്ര മത്സ്യഗ്രാമം പദ്ധതിയിൽ കണ്ണൂർ ജില്ലയിലെ ചാലിൽഗോപാലപ്പെട്ടയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പുതിയങ്ങാടി പോലുള്ള മറ്റ് മത്സ്യഗ്രാമങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ക്രമപ്രശ്നം

### എ.ഡി.ജി.പി.യുടെ അന്വേഷണ റിപ്പോർട്ട്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പു മന്ത്രി എ.ഡി.ജി.പി. യുടെ റിപ്പോർട്ട് സഭയുടെ മേശപ്പുറത്തുവച്ചപ്പോൾ എൻക്ലോഷേഴ്സായി പറഞ്ഞിരുന്ന ന്യൂസ് ചാനലുകൾ ടെലികാസ്റ്റ് ചെയ്ത വീഡിയോ സി.ഡി., പോലീസ് റിക്കാർഡ് ചെയ്ത വീഡിയോ സി.ഡി., ഫോട്ടോഗ്രാഫ്സ് എന്നിവ ഉൾപ്പെടുത്തിയിരുന്നില്ല. ബഹുമാനപ്പെട്ട സ്പീക്കർ ഇടപെട്ട് അതിന്റെ പകർപ്പ് ലഭ്യമാക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സഭയുടെ മേശപ്പുറത്തുവയ്ക്കുമെന്ന് പറഞ്ഞ എല്ലാ രേഖകളും വയ്ക്കുകയും സ്പീക്കറുടെ ഓഫീസിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ: എല്ലാ രേഖകളുടേയും പകർപ്പുകൾ ലൈബ്രറിയിൽ നിന്നും ലഭിക്കുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനമനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു

**ധനകാര്യം**

2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവച്ചു.

**ക്രമപ്രശ്നം**

**വനിതാ എം.എൽ.എ.മാരെ കയ്യേറ്റം ചെയ്ത പോലീസ് ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ**

ശ്രീ. സി. ദിവാകരൻ: 6-02-2013-ൽ നിയമസഭാ കവാടത്തിനുമുന്നിലുണ്ടായ പ്രകടനത്തിൽ രണ്ട് വനിതാ എം.എൽ.എ.മാരെ കയ്യേറ്റം ചെയ്തതും അപമര്യാദയായി പെരുമാറിയതും സംബന്ധിച്ച വിഷയത്തിന്മേൽ വിവിധ മാധ്യമങ്ങളിലെ ചിത്രങ്ങളിൽ നിന്ന് ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരെ വ്യക്തമായി കാണാൻ സാധിക്കുന്നതും പത്ര വാർത്തകളിൽ നിന്ന് ശ്രീമതി ഇ.എസ്. ബിജിമോൾ എം.എൽ.എ.യെ പോലീസുകാർ ലാത്തി കൊണ്ട്

കുത്തിയെന്നും എ.ഡി.ജി.പി.യുടെ റിപ്പോർട്ടിൽ എം.എൽ.എ.യെ തൂക്കി യെടുത്ത് തറയിലിട്ടുയെന്നുമാണ് അറിയാൻ സാധിച്ചത്. ശ്രീമതി ഗീതാഗോപി എം.എൽ.എ. യോടുള്ള പോലീസിന്റെ പെരുമാറ്റത്തിൽ അവർക്ക് ബുദ്ധിമു ട്ടുണ്ടായിയെന്നാണ് എ.ഡി.ജി.പി. റിപ്പോർട്ട്. ഇത്രയും തെളിവുകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ജൂഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചതുകൊണ്ട് മറ്റു കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. കറക്ടീവ് സ്റ്റെപ്പ്സ് സംബന്ധിച്ച് റിപ്പോർട്ടി നകത്ത് പരാമർശിക്കുന്നുണ്ട്. ഉന്നയിച്ച വിഷയം സംബന്ധിച്ച് പരിശോ ധിക്കുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എ.ഡി.ജി.പി.യുടെ റിപ്പോർട്ട് വച്ചുകൊണ്ട് നടപടികൾ സ്വീകരിക്കാവുന്നതാണ്. സസ്പെൻഡ് ചെയ്യാതെയുള്ളതും കാലാവധി നീട്ടിക്കൊണ്ടുപോകുന്നതുമായ ജൂഡീഷ്യൽ അന്വേഷണവുമായി സഹകരിക്കാൻ സാധ്യമല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നിഷ്പക്ഷമായ ജുഡീഷ്യൽ അന്വേ ഷണത്തെ എതിർക്കേണ്ടതിന്റെ ആവശ്യമില്ല. കാലാവധിയെക്കുറിച്ചും ആലോചിക്കാവുന്നതാണ്.

ശ്രീ. സി. ദിവാകരൻ: എ.ഡി.ജി.പി. യുടെ റിപ്പോർട്ട് അംഗീകരിക്കുന്നു ണ്ടെങ്കിൽ ശ്രീമതി ഗീതാഗോപി എം.എൽ.എ.യോട് പോലീസ് ചോദിച്ചത് സംബന്ധിച്ചും നടപടി സ്വീകരിക്കണം.

## അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### റിപ്പോർട്ട് പരിഗണന

**(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.**

(2) **അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ**

**(i) 2012-ലെ കേരള സംസ്ഥാന അൺ എയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് ക്ഷേമനിധി ബിൽ**

(ശ്രീ. എം.പി. വിൻസെന്റ് നോട്ടീസ് നൽകിയത്)

ശ്രീ. എം.പി. വിൻസെന്റ്: 2012-ലെ കേരള സംസ്ഥാന അൺ എയ്ഡഡ് സ്കൂൾ ടീച്ചേഴ്സ് ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ: പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) : ക്ഷേമനിധിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ തൊഴിൽ വകുപ്പ് കൈകാര്യം ചെയ്യുന്നതുകൊണ്ട് ബിൽ പൈലറ്റ് ചെയ്യുന്നതിനായി ബന്ധപ്പെട്ട വകുപ്പുമന്ത്രിക്ക് കൈമാറിയിട്ടുണ്ട്.

**ക്രമപ്രശ്നം (തുടർച്ച)**

(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുടെ മറുപടി തൃപ്തികരമല്ലെന്നാരോപിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): എ.ഡി.ജി.പി. യുടെ റിപ്പോർട്ടിൽ ശ്രീമതി ഗീതാഗോപിയുമായി ബന്ധപ്പെട്ട ചോദ്യത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി ആവശ്യപ്പെടുന്നത്.

റിപ്പോർട്ടിനകത്ത് പരാമർശിക്കപ്പെട്ട എല്ലാ കാര്യങ്ങളെ സംബന്ധിച്ചും സർക്കാർ പരിഗണിക്കുന്നതാണ്.

മി. സ്പീക്കർ: ആഭ്യന്തര വകുപ്പുമന്ത്രിക്ക് പറയാനുള്ളത് പറഞ്ഞു കഴിഞ്ഞു.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം മുഴക്കിക്കൊണ്ട് സഭാ നടപടികൾ ബഹിഷ്ക്കരിച്ചു)

**അനൗദ്യോഗികാംഗങ്ങളുടെ കാര്യം (തുടർച്ച)**

ശ്രീ. എം.പി. വിൻസെന്റ്: സംസ്ഥാനത്ത് അൺ എയ്ഡഡ് സ്കൂളുകളിൽ പഠിപ്പിക്കുന്ന കാര്യക്ഷമതയും യോഗ്യതയുമുള്ള അദ്ധ്യാപകർക്ക് തുച്ഛമായ ശമ്പളം മാത്രമാണ് ലഭിക്കുന്നത്. പെൻഷനോ മറ്റാനുകൂല്യങ്ങളോ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ ശമ്പളമോ ലഭിക്കാത്തതുകൊണ്ട് ഒരു ക്ഷേമനിധി നടപ്പിലാക്കണം.

(ചർച്ച തുടരും)

(ii) 2013- ലെ കേരള സംസ്ഥാന എക്സ്ഗ്രേഷ്യാ പെൻഷൻ ബിൽ

(ശ്രീ. എം.പി. വിൻസെന്റ് നോട്ടീസ് നൽകിയത്)

ശ്രീ. എം.പി. വിൻസെന്റ്: 2013- ലെ കേരള സംസ്ഥാന എക്സ്ഗ്രേഷ്യാ പെൻഷൻ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എൻ ഷംസുദ്ദീൻ : പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സൂപ്പർ ആനുവേഷൻ പെൻഷൻ പറ്റുന്ന ജീവനക്കാർക്ക് മിനിമം പെൻഷന് അർഹതയില്ലെങ്കിൽ എക്സ്ഗ്രേഷ്യാ പെൻഷൻ നൽകാൻ നിലവിൽ വ്യവസഥയുണ്ട്. ഇത് സ്റ്റേറ്റ് സർവ്വീസിലും സബോർഡിനേറ്റ്

സർവ്വീസിലും ബാധകമാണ്. ഈ ബിൽ സബോർഡിനേറ്റ് സർവ്വീസിൽ നിയമിക്കപ്പെടുന്നവർക്കുമാത്രം എക്സ്ഗ്രേഷ്യാ പെൻഷൻ നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നതാണ്. നിലവിലുള്ള വ്യവസ്ഥകൾ എക്സ്ഗ്രേഷ്യാ പെൻഷൻ നൽകുന്നതിന് പര്യാപ്തമാണ്. ഈ സാഹചര്യത്തിൽ ഇത്തരം ഒരു ബില്ലിന്റെ ആവശ്യമില്ല.

ശ്രീ. എം.പി. വിൻസെന്റ്: നിലവിലെ പെൻഷൻ വ്യവസ്ഥ പ്രകാരം ഒരു ദിവസം മുതൽ എട്ടു വർഷംവരെ സർവ്വീസുള്ള ജീവനക്കാർക്ക് എക്സ്ഗ്രേഷ്യാ പെൻഷൻ ലഭ്യമല്ലാത്ത കാര്യമാണ് ബില്ലിലൂടെ അവതരിപ്പിച്ചത്. സർവ്വീസിൽ കയറുന്ന ജീവനക്കാരുടെ അവകാശമാണ് പെൻഷൻ. ഇത്തരം പെൻഷൻ സർക്കാരിന് ബാധ്യതയുണ്ടാക്കുന്നതല്ല. ഒരു ദിവസം മുതൽ എട്ടു വർഷംവരെ സർവ്വീസുള്ള ജീവനക്കാർക്ക് നിശ്ചിത തുക പെൻഷൻ നൽകുന്നതിന് വിഭാവനം ചെയ്യുന്ന ഈ ബിൽ അംഗീകരിക്കണം.

(ചർച്ച-തുടരും)

(അജണ്ടയിലെ ശേഷിച്ച അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ പരിഗണിക്കപ്പെട്ടില്ല)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.